പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 89 20.3.2013 ലെ മറുപടിക്ക്

## സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. സി. പി. മുഹമ്മദ് | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)പട്ടികജാതി സങ്കേതങ്ങളെ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | എ) | 50 കുടുംബങ്ങളിൽ കൂടുതലുള്ള പട്ടികജാതി കോളനികളിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| ബി)പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ; | ബി) | കോളനികളെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടിയുള്ള വികസന പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുള്ളത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ്പ്ലാന്റ്, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ |
| (സി)ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; | സി) | ചുവടെപ്പറയുന്ന സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരമാണ് ടി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>1) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്ര |

| | | |
|---|---|---|
| | | 2) ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ<br>3) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO)<br>4) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ & ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ ലിമിറ്റഡ് (KITCO)<br>5) കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.<br>6) പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>7) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ<br>8) കേരള സ്റ്റേറ്റ് ഹൌസിംഗ് ബോർഡ്<br>9) സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>10) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>11) ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് |
| (ഡി)പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഡി) | പ്രാഥമികമായി കോളനിയിലെ ജനങ്ങളുടെ ഒരു മീറ്റിംഗ് ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ചേർന്ന്, കോളനിക്കാവശ്യമായ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് മുൻഗണന നൽകി തീരുമാനിക്കുകയും തുടർന്ന്, കോളനികളിൽ നടത്തേണ്ട വിവിധ വികസന പ്രവർത്തനങ്ങളുടെ വിശദമായ എസ്റ്റിമേറ്റ് ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാക്കുകയും അവ അതാത് ജില്ലാ ഓഫീസർമാരുടെ ശുപാർശ സഹിതം ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തി ലഭ്യമാക്കുകയും ചെയ്യുന്നു. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഏജൻസികളുമായി ധാരണപത്രം ഒപ്പ് വയ്ക്കുകയും വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ